"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -ശ്രീ.എസ്.ജയകുമാർ, മുനിസിപ്പൽ സെക്രട്ടറി (റിട്ട.) നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.402/2024/LSGD തീയതി,തിരുവനന്തപുരം, 19-02-2024

പരാമർശം:-
1. അക്കൗണ്ടന്റ് ജനറലിന്റെ 05.07.2022 ലെ ജിഇ7/സി/എം.സി.എസ്079/43 നമ്പർ കത്ത്
2. സ.ഉ (സാധാ) നം.2324/2019/തസ്വഭവ തീയതി 22.10.2019
3. സ.ഉ(സാധാ)നം.1492/2022/തസ്വഭവ തിയതി 20.06.2022

**ഉത്തരവ്**

ശ്രീ.ജയകുമാർ എസ് 25.07.2019 FN-ന് കട്ടപ്പന മുനിസിപ്പൽ സെക്രട്ടറിയുടെ ചുമതലയിൽ നിന്ന് റിലീവ് ചെയ്തെങ്കിലും 28.10.2019 FN-നാണ് മഞ്ചേരി മുനിസിപ്പൽ സെക്രട്ടറിയായി ചുമതലയേറ്റതെന്നും അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്യുകയും ആയതിനാൽ 26.09.2019 മുതൽ 27.10.2019 വരെയുള്ള കാലയളവ് ക്രമീകരിക്കണമെന്ന് പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിരുന്നു. കട്ടപ്പന നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എസ്.ജയകുമാർ 25.07.2019 മുതൽ 25.09.2019 വരെ ചികിത്സാർത്ഥം അവധിയിലായിരുന്നതായും അവധി കഴിഞ്ഞ് 26.09.2019 ന് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ലായെന്നും ആയത് 28.09.2019 തീയതിയിലാണ് ഹാജരാക്കിയത് എന്നതിനാൽ 25.07.2019 മുതൽ 27.09.2019 വരെ ടിയാന് മെഡിക്കൽ ഗ്രൗണ്ടിൽ അവധി അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു . തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ടിയാനെ മഞ്ചേരി മുനിസിപ്പൽ സെക്രട്ടറിയായി നിലവിലുള്ള ഒഴിവിൽ നിയമിച്ചിരുന്നു.

2. കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം അവധി, പരിശീലനം, അന്യത്രസേവനം, മുൻ നിയമനം എന്നിവയ്ക്ക് ശേഷം വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്ന

ഉദ്യോഗസ്ഥന് അടുത്ത നിയമനത്തിനായി കാത്തിരിക്കുന്ന കാലയളവ് ടി ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതാണ്. നിയമനത്തിനായി കാത്തിരിക്കുന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് ഉദ്യോഗസ്ഥൻ വകുപ്പിൽ റിപ്പോർട്ട് ചെയ്തിരിക്കുകയും, നിയമനത്തിനായി കാത്തിരിക്കുന്ന കാലയളവിൽ ടിയാന്റെ തസ്തികയുടെ കേഡറിൽ ഒഴിവുണ്ടായിരിക്കുകയും വേണം. ഡോ.ടി.എൻ.സിനി മഞ്ചേരി മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ നിന്നും വിടുതൽ ചെയ്തതിനാൽ 13.07.2017 മുതൽ ശ്രീ.എസ്.ജയകുമാർ ജോലിയിൽ പ്രവേശിക്കുന്ന 28.10.2019 വരെ മഞ്ചേരി മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ ഒഴിവുണ്ടായിരുന്നു.

3. സർക്കാർ ഇക്കാര്യം കേരള സർവീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും ശ്രീ ജയകുമാർ എസ്. മുനിസിപ്പൽ സെക്രട്ടറിക്ക് 20.06.2022-ലെ GO (Rt) No.1492/2022/LSGD ഉത്തരവ് പ്രകാരം അനുവദിച്ച അവധിയുടെ തുടർച്ചയായി, 26.09.2019 മുതൽ 27.09.2019 വരെയുള്ള കാലയളവ്, ആർജ്ജിതാവധിക്ക് പരിഗണിക്കയില്ലായെന്ന വ്യവസ്ഥയിൽ, കെ എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തോടെയുള്ള ശൂന്യവേതനാവധിയായും ശ്രീ ജയകുമാർ എസ്. മുനിസിപ്പൽ സെക്രട്ടറി നിയമനത്തിനായി കാത്തു നിന്ന 28.09.2019 മുതൽ 27.10.2019 വരെയുള്ള കാലയളവിൽ ടി തസ്തികയിൽ ഒഴിവുണ്ടായിരുന്നതിനാൽ കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ (ലീവ് അപേക്ഷ സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.എസ്.ജയകുമാർ, മുനിസിപ്പൽ സെക്രട്ടറി (റിട്ട)(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (e-1543929/DEV-1/148/2020-Fin)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-02-2024 12:42:38

സെക്ഷൻ ഓഫീസർ